शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें



# വാർഷിക മൂല്യനിർണയം 2016–17

## മലയാളം

ക്ലാസ്സ് : 5 **അടിസ്ഥാനപാഠാവലി** സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1 – സംഭാഷണം**

'ഗുരുപ്രസാദം' എന്ന പാഠഭാഗത്തിൽ കൃഷ്ണനും ഗുരുനാഥനായ ചന്തുപ്പണിക്കരും തമ്മിൽ ചായപ്പീടികയിൽ വച്ചുള്ള കൂടിക്കാഴ്ച കരളലിയിക്കുന്നതായിരുന്നു. ഗുരുനാഥന്റെ അവസ്ഥ കണ്ട് കൃഷ്ണൻ കരഞ്ഞുപോയി. ശിഷ്യനെ മനസ്സിലാക്കിയ ഗുരുനാഥൻ തന്റെ അപ്പോഴത്തെ അവസ്ഥ ഒരു തത്ത്വജ്ഞാനിയുടെ മട്ടിൽ വിശദീകരിക്കുകയും ചെയ്തു. ഇരുവരും തമ്മിലുള്ള കൂടിക്കാഴ്ച ഒരു റോൾപ്ലെ ആയി ക്ലാസിൽ അവതരിപ്പിക്കണം.

എ. റോൾപ്ലെ അവതരിപ്പിക്കുന്നതിനുള്ള സംഭാഷണം തയാറാക്കൂ.

ബി. മുഖത്തിന്റെ കാന്തി-മുഖകാന്തി എന്നെഴുതിയതുപോലെ 'ദി[illegible]ുരുഷൻ' എങ്ങനെയെഴുതാം?

**പ്രവർത്തനം 2 – അനുഭവക്കുറിപ്പ്**

> ഇവനൊരു ചെറിയ കുട്ടിയല്ലേ, ഇവന്റെ പിറന്നാളിന് ഒരു സദ്യ വേണം എന്നൊന്നും അമ്മ ആലോചിച്ചിട്ടില്ല. അത്രയ്ക്ക് പ്രാരാബ്ധങ്ങളായിരുന്നു വീട്ടിൽ. അതുകൊണ്ട് നല്ലൊരു പിറന്നാളിന്റെ ഓർമ്മപോലും എനിക്കില്ല. വിഷുക്കാലമെത്തിയാൽ കൈനീട്ടം കൊടുക്കുകയോ കണിവയ്ക്കുകയോ ചെയ്യുന്ന പതിവും ഞങ്ങളുടെ വീട്ടിൽ ഉണ്ടായിരുന്നില്ല.

എം.ടി വാസുദേവൻ നായരുടെ കുട്ടിക്കാലത്തെ അനുഭവം ഓർക്കുന്നുണ്ടല്ലോ.

എ. നിങ്ങളുടെ പിറന്നാൾ ആഘോഷത്തിന്റെയോ, വിഷു, ഓണം, പെരുന്നാൾ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷങ്ങളുടെയോ അനുഭവം (ഏതെങ്കിലും ഒന്ന്) കുറിപ്പായി എഴുതുക. അനുയോജ്യമായ തലക്കെട്ടും നൽകണം.

**പ്രവർത്തനം 3 – കത്ത്**

സ്വന്തം രാജ്യത്തിന്റെ സംസ്കാരവും പാരമ്പര്യവും അറിയിക്കാനാണ് നമ്മുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു മകൾ ഇന്ദിരയ്ക്ക് കത്തുകൾ അയച്ചിരുന്നത്. ഇലവു മരത്തിന്റെ വിശേഷങ്ങൾ ചോദിച്ചറിയാനാണ് ബാലചന്ദ്രൻ തന്റെ വല്യമ്മയ്ക്ക് കത്തയച്ചത്..

നിങ്ങളുടെ സ്കൂളിൽ നടന്ന ഏതെങ്കിലും ഒരു ശ്രദ്ധേയമായ പരിപാടിയുടെ വിശേഷങ്ങൾ സുഹൃത്തിനെ അറിയിക്കാനായി ഒരു കത്ത് തയാറാക്കൂ. താഴെ കൊടുത്ത സൂചനകൾ ശ്രദ്ധിക്കുമല്ലോ?

- സ്കൂൾ കലോത്സവം
- പഠനയാത്ര
- പുതുവൽസരാഘോഷം

പ്രവർത്തനം 4 – വർണന

മലയാളനാടിന്റെ ഭംഗിയെക്കുറിച്ചാണ് പി.കുഞ്ഞിരാമൻ നായരുടെ **'എങ്ങുപോയി'** എന്ന കവിത. കാവിലെ പൂരങ്ങളും പുഞ്ചിരിച്ചുകൊണ്ട് നിൽക്കുന്ന തുമ്പകളും കൈതമലർമണം തേവി നിൽക്കുന്ന കാറ്റും തന്റെ നാടിന്റെ സവിശേഷതകളായി കവി വർണിക്കുന്നു.

'കിളിനോട്ടം' എന്ന പാഠത്തിൽ കോട്ടൺ ചെടിയുടെ നിറമുള്ള ഇലച്ചാർത്തുകൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന കുഞ്ഞിക്കൂടും അവിടെ കണ്ട കാഴ്ചകളും സുഗതകുമാരി വർണിക്കുന്നതും നിങ്ങൾ വായിച്ചു.

എ. നിങ്ങളുടെ നാടിന്റെ കാഴ്ചകളെപ്പറ്റി ഒരു വർണന തയാറാക്കൂ.

ബി.
- കോഴി
- കാട്ടുകോഴി
- തൊപ്പിവച്ച കാട്ടുകോഴി
- ചുവന്ന തൊപ്പിവച്ച കാട്ടുകോഴി

ഇതുപോലെ ഉചിതമായ വിശേഷണങ്ങൾ ചേർത്ത് ഈ പദത്തെഎഴുതാമോ?

- പൂവ്
- -------------
- -------------
- -------------

പ്രവർത്തനം 5 – പോസ്റ്റർ

**'വൃക്ഷത്തെ സ്നേഹിച്ച ബാലൻ'** എന്ന കഥയിൽ ഇലവുമരം മുറിച്ചു മാറ്റിയ സംഭവം വല്യമ്മയുടെ ഹൃദയത്തെയാണ് സ്പർശിച്ചത്. അത് അവരെ ദുഖത്തിലാഴ്ത്തി. തന്റെ ജീവിതത്തിന്റെ ലക്ഷ്യം തകർന്നുപോയെന്ന് വല്യമ്മക്കു തോന്നി.

മരങ്ങളെ ജീവനുതുല്യം സ്നേഹിച്ച നല്ല മനുഷ്യർ നമുക്കിടയിൽ ഉണ്ടായിരുന്നു. കാടുകൾ വെട്ടിനശിപ്പിച്ച് പ്രകൃതിയെത്തന്നെ ഇല്ലായ്മ ചെയ്യുന്നതിനെതിരെ പ്രതികരിച്ച പ്രകൃതിസ്നേഹികളും നമ്മുടെ നാട്ടിലുണ്ട്.

മരങ്ങൾ വെട്ടി ഭൂമിയുടെ മഴയും തണലും ഇല്ലാതാക്കുന്നതിനെതിരെ നിങ്ങൾക്കും പ്രതികരിക്കാനാവും.

എ. പ്രകൃതി സംരക്ഷണം അടിസ്ഥാനമാക്കിയുള്ള പോസ്റ്റർ തയാറാക്കൂ.

* ചിത്രങ്ങൾ
* ലഘുവാക്യങ്ങൾ
* അക്ഷരങ്ങളുടെയും ചിത്രങ്ങളുടെയും വലുപ്പം, സ്ഥാനം എന്നിവ പരിഗണിച്ച് ഉചിതമായ നിറം കൂടി നൽകി ആകർഷകമാക്കുമല്ലോ.

ബി. മാതൃക നോക്കി പൂരിപ്പിക്കൂ.

പൂവൻകോഴി – പിടക്കോഴി

പിടിയാന – -------------

* * * * *